# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. - 1350 11.02.2016- ൽ മറുപടിക്ക്

## ചുള്ളിക്കര-കുറ്റിക്കോൽ റോഡ് മെക്കാഡം ടാർ ചെയ്യൽ

**ചോദ്യം**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

(എ) ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ച കാസർകോട് ജില്ലയിലെ ചുള്ളിക്കര - കുറ്റിക്കോൽ റോഡ് മെക്കാഡം ടാർ ചെയ്യുന്നതിനുള്ള ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) കാസർകോട് ജില്ലയിലെ ചുള്ളിക്കര - കുറ്റിക്കോൽ റോഡിന്റെ കി.മി. 0/000 മുതൽ 10/500 വരെ മെക്കാഡം ടാറിംഗ് പ്രവൃത്തിക്ക് 4 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും 21.03.2013-ലെ സ.ഉ (സാധാ) നം. 395/2013/പൊ.മ.വ ഉത്തരവ് പ്രകാരം നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെണ്ടർ നം. | 14/2013-14 |
| ടെണ്ടർ തീയതി | 05.12.2013 |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് ജാനിഷ് ചട്ടഞ്ചാൽ |
| പ്രവൃത്തിയുടെ എഗ്രിമെന്റ് കാലാവധി | 9 മാസം |
| എഗ്രിമെന്റ് നമ്പർ | എസ്.ഇ (കെ) 249/2013-14 തീയതി 26.02.2014 |
| എസ്റ്റിമേറ്റ് പി.എ.സി | 36198354 |
| ടെണ്ടർ നിരക്ക് | -10.80% |

(ബി) ടെണ്ടർ അനുവദിച്ചുനൽകിയ കരാറുകാരനും പൊതുമരാമത്ത് വകുപ്പും തയ്യാറാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; എഗ്രിമെന്റ് നടപ്പിലാക്കുന്നതിൽ കോൺട്രാക്ടർ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ കോൺട്രാക്ടറോട് വിശദീകരണം ആരാഞ്ഞുകൊണ്ട് കത്തുകൾ നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ എപ്പോഴൊക്കെ നല്കിയെന്ന് കത്ത് നമ്പർ അടക്കം പറയാമോ; കത്തുകൾക്ക് കോൺട്രാക്ടറുടെ മറുപടി ലഭിച്ചിട്ടുണ്ടോ ;

(സി) മറുപടി ലഭിച്ചെങ്കിൽ മറുപടിയിൽ സൂചിപ്പിച്ച കാര്യങ്ങൾ വ്യക്തമാക്കാമോ; എഗ്രിമെന്റ് പാലിച്ചിട്ടില്ലെങ്കിൽ കോൺട്രാക്ടറുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികളാണെന്ന് പറയാമോ; പ്രവർത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

(ബി) യും (സി) യും — ടി പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരം കി.മി. 0/000 മുതൽ 3/000 വരെ ബി.എം & ബി.സി ടാറിംഗ് പ്രവൃത്തിയും കൾവെർട്ട് റീട്ടെയിനിംഗ് വാൾ, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി തീർക്കേണ്ട കാലാവധി 9 മാസമാണ്. എന്നാൽ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തുടർന്ന് കാഞ്ഞങ്ങാട് റോഡ്സ് സബ്ഡിവിഷൻ ആഫീസിൽ നിന്നും 24.09.2014, 25.10.2014, 15.09.2015 എന്നീ തീയതികളിൽ D4/1625/2012 നമ്പർ കത്തുകൾ പ്രകാരം വിശദീകരണവും, വെസ്റ്റ് എളേരി അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ നിന്നും സൈറ്റ് ഏറ്റെടുക്കണമെന്നാവശ്യ പ്പെട്ടുകൊണ്ട് 07.03.2014-ലെ എ.ഇ/ ഡബ്ല്യുഇ/ജി.ഇ.എൻ.സി.കെ/2013-14 നമ്പർ കത്തും നൽകിയിരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ കൊടുത്തിരിക്കുന്ന അളവുകളിൽ ചില മാറ്റങ്ങൾ ആവശ്യ മാണെന്നും ആയതിനാൽ സൈറ്റ് ഏറ്റെടുക്കാൻ സാധ്യമല്ലെന്നും പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും കരാറുകാരൻ അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന് പ്രവൃത്തി ടെർമിനേറ്റ് ചെയ്യുന്നതി നാവശ്യമായ നടപടികൾ കോഴിക്കോട് നിരത്തുകളും പാലങ്ങളും ഉത്തരമേഖലാ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ